'ഭരണഭാഷ മാതൃഭാഷ '

!=========================================!

**സംസ്ഥാന ഇൻഷുറൻസ് വകുപ്പ്,**

# ഇൻഷുറൻസ് ഡയറക്ടറേറ്റ്


ട്രാൻസ് ടവ്വേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ. തിരുവനന്തപുരം-14

ഫോൺ നം. 0471-2330096, 2331921 ഫാക്സ് നം. 0471-2331921,

ഇ-മെയിൽ: director.ins@kerala.gov.in


## ഇൻഷുറൻസ് ഡയറക്ടറുടെ നടപടിക്രമം

വിഷയം :- ഇൻഷുറൻസ് വകുപ്പ്- എസ്റ്റാബ്ളിഷ്മെൻറ്- സീനിയർ സൂപ്രണ്ട് /ഡെവലപ്പ്മെന്റ് ഓഫീസർ-ബൈട്രാൻസ്ഫർ നിയമനവും സ്ഥലമാറ്റവും-സംബന്ധിച്ച്

പരാമർശം:- 1) ഇടുക്കി ജില്ലാ ഇൻഷ്വറൻസ്ഓഫീസിലെ ഡെവലപ്പ്മെന്റ് ഓഫീസർ ശ്രീ കെ. ആർ. ദീപുവിന്റെ യുടെ 14.06.2019 ലെ സ്ഥലംമാറ്റ അപേക്ഷ.

2) 27.03.2019 ലെ ഗസറ്റ് വിജ്ഞാപനം നമ്പർ ഇൻഷ്വ/എസ്റ്റാ.ഇ 3/ട1001814008

**ഉത്തരവ് നമ്പർ: ഇൻഷ്വ/എസ്റ്റാ.ഇ 3/ട1001900112 തീയതി: 29.06.2019**

വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടായ ശ്രീ ജി. സതികുമാർ, 30.06.2019 ൽ അട്ടുത്തുൺപറ്റിപിരിയുന്നതിനാൽ തിരുവനന്തപുരത്തുള്ള വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ ഒരു സീനിയർ സൂപ്രണ്ടിന്റെ തസ്തികയിൽ ഒഴിവുണ്ടാകുന്നതാണ്. തൃശ്ശൂർ ജില്ലാ ഇൻഷ്വറൻസ് ഓഫീസിലെ ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ.) ആയ ശ്രീ എസ്. ആർ. വിനയചന്ദ്രനാണ് പ്രസ്തുത തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനത്തിനുള്ള അടുത്ത സീനിയർ ഉദ്യോഗസ്ഥൻ. വകുപ്പിലെ ചില ഡെവലപ്പ്മെന്റ് ഓഫീസർ /സീനിയർ സൂപ്രണ്ട്മാർ സ്ഥലം മാറ്റ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെപറയുന്ന സ്ഥലംമാറ്റ നിയമനവും ബൈട്രാൻസ്ഫർ നിയമനവും ഉടൻ പ്രാബല്യത്തിൽ വരും വിധം ഇതിനാൽ ഉത്തരവാകുന്നു.

**സ്ഥലംമാറ്റം**

ഇടുക്കി ജില്ലാ ഇൻഷ്വറൻസ് ഓഫീസിലെ ഡെവലപ്പ്മെന്റ് ഓഫീസറായ ശ്രീ കെ.ആർ. ദീപുവിനെ, ടിയാന്റെ പരാമർശം (1) അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം ഇൻഷ്വറൻസ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട്, ശ്രീ ജി. സതികുമാർ, 30.06.2019 ൽ അട്ടുത്തുൺപറ്റിപിരിയുമ്പോഴുണ്ടാകുന്ന ഒഴിവിൽ സ്ഥലം മാറ്റിനിയമിക്കുന്നു.

**ബൈട്രാൻസ്ഫർ നിയമനം**

തൃശ്ശൂർ ജില്ലാ ഇൻഷ്വറൻസ് ഓഫീസിലെ ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ.) ആയ ശ്രീ എസ്.ആർ. വിനയചന്ദ്രനെ കെ.എസ് & എസ്എസ് ആർ 1958 ലെ ചട്ടം 28 ബി(i) അനുസരിച്ച് ₹36600-79200 ശമ്പള സ്കെയിലിൽ ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയിലേയ്ക്ക്, റെഗുലർ ബെയ്സിസിൽ, ശ്രീ ജി. സതികുമാർ, സീനിയർ സൂപ്രണ്ട് അട്ടുത്തുൺപറ്റിപിരിയുന്ന ഒഴിവിൽ ബൈട്രാൻസ്ഫറിൽ നിയമിക്കുകയും, ഇടുക്കി ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ, ശ്രീ, കെ.ആർ. ദീപു, ഡെവലപ്പ്മെന്റ് ഓഫീസറെ സ്ഥലം മാറ്റുമ്പോഴുണ്ടാകുന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

ഒപ്പ്/-

**പി.ജോൺസൺ,**

**ഇൻഷ്വറൻസ് ഡയറക്ടർ**

മറുപുറം

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ഉചിത മാർഗേണ)

പകർപ്പ്: -

1. അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ജില്ലാ/സബ്ട്രഷറി ഓഫീസർ, തിരുവനന്തപുരം/തൃശ്ശൂർ/ തൊടുപുഴ
3. ഡെപ്യൂട്ടിഡയറക്ടർ I, II& III
4. അസിസ്റ്റന്റ് ഡയറക്ടർ I& II
5. ജില്ലാ ഇൻഷ്വറൻസ് ഓഫീസർ,തൃശ്ശൂർ/ ഇടുക്കി, തൊടുപുഴ
6. ഡയറക്ടറുടെ സി.എ.
7. അക്കൗണ്ട്സ് ഓഫീസർ
8. എല്ലാ എസ്റ്റാബ്ളിഷ്മെൻറ് സീറ്റും
9. വെബ്സൈറ്റ്
10. നടപ്പ് ഫയൽ
11. ഇരിപ്പ്ഫയൽ

അംഗാകാരത്തോടെ,

സെക്ഷൻ സൂപ്രണ്ട്